## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ :3300

24.02.2016-ൽ മറുപടിക്ക്.

# ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് കാര്യക്ഷമമാക്കാനും ആധുനികവത്ക്കരിക്കാനും എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | : (എ)യും, (ബി)യും, (സി)യും) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകി വരുന്നു. കൂടാതെ അഗ്നിശമന സേനയുടെ നവീകരണത്തിന്റെ ഭാഗമായി എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും, എന്നാൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ ഫയർ സ്റ്റേഷനുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിന് ഉതകുന്ന ആധുനിക വാഹനങ്ങളും അഗ്നിശമനരക്ഷാ പ്രവർത്തന ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് രണ്ട് ഘട്ടങ്ങളിലായി 175.63 കോടി രൂപയ്ക്കുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിലേയ്ക്കായി 20 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. സ.ഉ (എം.എസ്) നമ്പർ 231/2015/ആഭ്യന്തരം, തീയതി 09.11.2015 പ്രകാരം ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായി 924 ലക്ഷം രൂപയ്ക്ക് ഏരിയൽ പ്ലാറ്റ് ഫോം ലാഡർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഗതാഗതകുരുക്ക് മൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന |

വസ്തുത പരിഗണിച്ച്, അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

വെള്ളത്തിൽ വീണുള്ള മരണം കൂടുതലും കുട്ടികളായതിനാൽ ഈ അപകടനിരക്ക് കുറക്കുന്നതിനായി 12 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്ക് മിഷൻ 676 ൽ ഉൾപ്പെടുത്തി സൗജന്യമായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പ് നീന്തൽ പരിശീലനം നൽകിവരുന്നു. കാട്ടുതീ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടിൽ വസിക്കുന്ന ജനങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പും വനം വകുപ്പും സംയുക്തമായി കാട്ടു തീ നിയന്ത്രിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. അഗ്നിശമന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ സുരക്ഷയ്ക്കായി ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.

V Beena

സെക്ഷൻ ഓഫീസർ